# പുതിയ നൂറ്റാണ്ടിൽ തന്റെ പെരുമാറ്റത്തിലൂടെയും, മുഖത്തിലൂടെയും ഫരിസ്താസ്വരൂപത്തെ പ്രത്യക്ഷപ്പെടുത്തൂ.

ഇന്ന് ബാപ്ദാദ തന്റെ പരമാത്മാ പാലനയുടെ അധികാരീ കുട്ടികളേ കണ്ട് ഹർഷിതമായിരിക്കുന്നു. സ്വയം പരമാത്മാ പാലന അനുഭവിച്ച് ജീവിക്കുന്നവർ എത്ര ഭാഗ്യവാനാണ്. ലോകത്തുള്ളവർ പറയും ഞങ്ങളെ പരമാത്മാവ് പാലിച്ച് കൊണ്ടിരിക്കുന്നു, എന്നാൽ നിങ്ങൾ കുറച്ചാത്മാക്കൾ പ്രത്യക്ഷത്തിൽ ജീവിച്ച് കൊണ്ടിരിക്കുന്നു. പരമാത്മാവിന്റെ പാലനയാണ്, പരമാത്മാ ശ്രീമതമാണ്, ആ ശ്രീമതമനുസരിച്ച് നടന്ന് കൊണ്ടിരിക്കുന്നു, ജീവിച്ച് കൊണ്ടിരിക്കുന്നു. ഇപ്രകാരം സ്വയം വിശേഷ ആത്മാവ് എന്ന് അനുഭവം ചെയ്യുന്നുണ്ടോ. സ്വന്തം മഹാനതകളെ അറിയുന്നുണ്ടോ. വർത്തമാന സമയത്ത് ബ്രാഹ്മണാത്മാക്കൾ മഹാന്മാർ തന്നേയാണ്, ഭാവിയിലും സർവ ശ്രേഷ്ഠ മഹാനാണ്. ദ്വാപര യുഗത്തിലും നിങ്ങളുടെ ജഢ ചിത്രം അത്രയും മഹത്തായി മാറുന്നു ആരെങ്കിലും നിങ്ങളുടെ ചിത്രത്തിന് മുന്നിൽ വരികയാണെങ്കിൽ നമസ്ക്കരിക്കുന്നു. നിങ്ങളുടെ മഹാനത ഇത്രയും ഉണ്ട്, ഏതെങ്കിലും ആത്മാവിനെ കൃത്രിമ ദേവതയാക്കുന്നു എങ്കിൽ, ലക്ഷ്മീ നാരായണനോ, ശ്രീരാമനോ ഏത് ദോവതയുടെ വേഷമിട്ടാലും, ഏത് വരെ ആ ആത്മാവ് ദേവതയുടെ പാർട്ട് അഭിനയിക്കുന്നുവോ, ആ സമയം വരെയും ഇത് സാധാരണ മനുഷ്യനാണ് ഈ പാർട്ട് അഭിനയിക്കുന്നത് എന്ന് അറിയാമെങ്കിലും, എപ്പോൾ വരെ ദേവതാ രൂപത്തിന്റെ പാർട്ട് അഭിനയിക്കുന്നുവോ അവരെ നമിക്കുന്നു. നിങ്ങളുടെ രൂപത്തിന് മഹാനതയുണ്ട് എന്നാൽ നാമധാരീ ആത്മാക്കളേയും മഹാൻ എന്ന് മനസിലാക്കുന്നു. എങ്കിൽ ഇങ്ങനെയുള്ള മഹാനത അനുഭവം ചെയ്യുന്നുണ്ടോ. അറിയുന്നു, മനസിലാക്കുന്നു, എന്നാൽ പ്രത്യക്ഷ രൂപത്തിൽ സ്വയം അനുഭവം ചെയ്യുന്നുണ്ടോ. കാരണം അനുഭവം ചെയ്യുക എന്നതാണ് മൂല ആധാരം.

ബാപ്ദാദ എല്ലാ കുട്ടികളേയും അനുഭവീമൂർത്തികളാക്കുന്നു. കേൾക്കുന്നവരോ മനസിലാക്കുന്നവരോ മാത്രമല്ല. ഓരോരുത്തരുടേയും മുഖത്തിലൂടെയും, പെരുമാറ്റത്തിലൂടെയും അവരുടെ അനുഭവം തിരിച്ചറിയുന്നു. പെരുമാറ്റത്തിലൂടെ അവരുടെ അവസ്ഥ മനസിലാക്കാൻ സാധിക്കുന്നു. എങ്കിൽ തന്റെ പെരുമാറ്റം എങ്ങനെയുള്ളതാണെന്ന് നോക്കൂ. ബ്രാഹ്മണന്റെ രീതികളാണോ. ബ്രാഹ്മണൻ എന്നാൽ സദാ സമ്പന്ന ആത്മ. ശക്തികളാലും സമ്പന്നൻ, ഗുണങ്ങളാലും സമ്പന്നൻ... അപ്പോൾ അത് പോലെയുള്ള അവസ്ഥയാണോ. ഇവർ സാധാരണക്കാരായും അലൗകീകമാണ് എന്ന് നിങ്ങളുടെ മുഖത്തിലൂടെ കാണുന്നുണ്ടോ. നിങ്ങളുടെയെല്ലാം ദൃഷ്ടി, വൃത്തി, വൈബ്രേഷൻ അലൗകീകമായി അനുഭവം ചെയ്യുന്നുണ്ടോ. അവസാന ജന്മം വരെ നിങ്ങളുടെ ദിവ്യത, മഹാനത ജഢചിത്രങ്ങളിലൂടെ പോലും അനുഭവം ചെയ്യിക്കുന്നു, എങ്കിൽ വർത്തമാന സമയം ചൈതന്യ ശ്രേഷ്ഠ ആത്മാക്കളിലൂടെ അനുഭവം ഉണ്ടാകുന്നുണ്ടോ. ജഢ ചിത്രങ്ങൾ നിങ്ങളുടെത് തന്നേയല്ലേ!

അമൃതവേള മുതൽ ഓരോ പെരുമാറ്റവും പരിശോധിക്കൂ – ഞങ്ങളുടെ ദൃഷ്ടി അലൗകീകമാണോ. മുഖം സദാ ഹർഷിതമാണോ. ഏകരസവും, അലൗകീകവുമാണോ അതോ സമയം പ്രതി സമയം മാറി കൊണ്ടിരിക്കുന്നുണ്ടോ. യോഗത്തിൽ ഇരിക്കുന്ന സമയം മാത്രം അല്ലെങ്കിൽ ഏതെങ്കിലും വിശേഷ സേവനം ചെയ്യുന്ന സമയം മാത്രം അലൗകീക സ്മൃതി അല്ലെങ്കിൽ വൃത്തി ആണോ അതോ സാധാരണ കാര്യങ്ങൾ ചെയ്യുന്ന സമയവും മുഖവും പെരുമാറ്റവും വിശേഷമായി അനുഭവപ്പെടുന്നുണ്ടോ. ആരെങ്കിലും നിങ്ങളെ നോക്കുമ്പോൾ – ജോലിക്കാര്യങ്ങളിൽ വളരെ തിരക്കിലാണ്, എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ട് എന്നാൽ നിങ്ങളെ അലൗകീകർ എന്ന് മനസിലാക്കുന്നുണ്ടോ. അതിനാൽ പരിശോധിക്കൂ സംസാര-രീതികൾ, മുഖം സാധാരണ കാര്യങ്ങളിലും വേറിട്ടതും പ്രിയപ്പെട്ടതുമായി അനുഭവം ചെയ്യുന്നുണ്ടോ. ഏതെങ്കിലും സമയത്ത് ഏതെങ്കിലും ആത്മാവ് നിങ്ങളുടെ മുന്നിൽ വരികയാണെങ്കിൽ നിങ്ങളുടെ വൈബ്രേഷനിലൂടെ, സംസാര-രീതികളിലൂടെ ഇവർ അലൗകീക ഫരിസ്തകളാണെന്ന് അവർ മനസിലാക്കുമോ. കാരണം ഇപ്പോൾ സംഗമത്തിലെ ദിവസങ്ങളാണ്, പഴയവ പോയി കൊണ്ടിരിക്കുന്നു, പുതിയവ വന്ന് കൊണ്ടിരിക്കുന്നു. എങ്കിൽ നവീനത വിശ്വത്തിന് മുന്നിൽ കണിക്കുമോ. ഉള്ളിൽ ഓർമ്മയുണ്ട് അഥവ മനസിലാക്കുന്നുണ്ട്, ഇത് വേറെ കാര്യം എന്നാൽ സ്ഥാപനയുടെ സമയത്തേക്കുറിച്ച് ചിന്തിക്കൂ– സ്ഥാപനയുടെ എത്ര സമയം നഷ്ടപ്പെട്ടു! നഷ്ടപ്പെട്ട സമയമനുസരിച്ച് ബാക്കി എത്ര സമയം ഉണ്ട്. എങ്കിൽ അനുഭവം ചെയ്യേണ്ടതുണ്ടോ. ധാരാളം നല്ല നല്ല പുരുഷാർത്ഥികൾ, പുരുഷാർത്ഥവും ചെയ്യുന്നുണ്ട്, പറക്കുന്നും ഉണ്ട് എന്നാൽ ബാബ് ദാദ ഈ 21ാം നൂറ്റാണ്ടിൽ നവീനത കാണാൻ ആഗ്രഹിക്കുന്നു. എല്ലാവരും നല്ലവരാണ്, വിശേഷപ്പെട്ടവരാണ്, മഹാന്മാരുമാണ് എന്നാൽ ബാബയുടെ പ്രത്യക്ഷതയുടെ ആധാരമാണ് –

സാധാരണ കാര്യങ്ങളിൽ ഇരിക്കുമ്പോഴും ഫരിസ്തയുടെ പെരുമാറ്റവും അവസ്ഥയും. കാര്യം അങ്ങിനെയായിരുന്നു, ജോലി അങ്ങിനെയായിരുന്നു, പരിതസ്ഥിതി അങ്ങിനെയായിരുന്നു, സമസ്യ അങ്ങിനെയുള്ളതായിരുന്നു, അതിനാൽ സാധാരണത വന്നു ഇങ്ങിനെ കേൾക്കാൻ ബാപ്ദാദ ആഗ്രഹിക്കുന്നില്ല. ഫരിസ്ത സ്വരൂപം എന്നാൽ സ്മൃതി സ്വരൂപത്തിലാണ്, സാകാര രൂപത്തിലാണ്. മനസിലാക്കുന്നതിൽ മാത്രമല്ല, ഓർമ്മ മാത്രമല്ല, സ്വരൂപത്തിലാവണം. ഇങ്ങനെയുള്ള പരിവർത്തനമാകണം ഏത് സമയമാണെങ്കിലും, ഏത് അവസ്ഥയിലാണെങ്കിലും അലൗകീക സ്വരൂപം അനുഭവമാകണം. ഇങ്ങിനെയാണോ അതോ അൽപ്പം മാറ്റമുണ്ടോ. ഏത് പോലെയാണോ കാര്യം അതിനനുസരിച്ച് തന്റെ സ്വരൂപം ആകരുത്. കാര്യങ്ങൾ എന്തിന് നിങ്ങളെ മാറ്റണം, നിങ്ങൾ കാര്യങ്ങളെ മാറ്റൂ. സംസാരം നിങ്ങളെ മാറ്റുമോ അതോ നിങ്ങൾ സംസാരത്തെ മാറ്റുമോ. എന്തിനെയാണ് പരിവർത്തനം എന്ന് പറയുന്നത്. പ്രായോഗിക ജീവിതത്തിന്റെ മാതൃക എന്ന് ആരേയാണ് പറയുന്നത്. സമയമനുസരിച്ച്, പരിതസ്ഥിതിയനുസരിച്ച് സ്വരൂപമായി – ഇത് സാധാരണക്കാരായവർക്കും സംഭവിക്കുന്നു. എന്നാൽ ഫരിസ്ത അർത്ഥം ആരാണോ സാധാരണ അവസ്ഥ–രീതികളിൽ നിന്നും ഉപരിയായവർ.

ഇപ്പോൾ നിങ്ങളുടെ വിഷയം – സമയത്തിന്റെ വിളി. ഇപ്പോൾ ഫരിസ്ത അർത്ഥം അലൗകീക ജീവൻ സ്വരൂപത്തെ കാണിക്കൂ, ഇതാണ് ഇപ്പോൾ നിങ്ങൾ വിശേഷ മഹാൻ ആത്മാക്കളേ പ്രതി സമയത്തിന്റെ വിളി. ഇത് സാധിക്കില്ലേ. ടീച്ചർമാർ പറയൂ, കഴിയുമോ. എപ്പോൾ ഉണ്ടാകും. കഴിയും എന്നത് വളരെ നല്ല കാര്യമാണ്, എപ്പോൾ ഉണ്ടാകും. ഒരു വർഷം വേണോ, 2000ത്തിൽ മുഴുവനാകുമോ. ഒരു വർഷം വേണ്ട കുറച്ച് സമയം മതി എന്ന് ആരാണ് മനസിലാക്കുന്നത്, 6 മാസം, 6 മാസം ഇല്ലെങ്കിൽ 3 മാസം, വേണോ. ഇതിൽ കൈ ഉയർത്തേണ്ട. നിങ്ങളുടെ സ്ലോഗൻ എന്താണ്. ഓർമ്മയുണ്ടോ. ഇപ്പോൾ ഇല്ലെങ്കിൽ എപ്പോഴുമില്ല. ഇത് ആരുടെ സ്ലോഗമാണ്. ബ്രാഹ്മണരുടേതോ അതോ ദേവതമാരുടേതോ. ബ്രാഹ്മണരുടേത് തന്നെയല്ലേ. എങ്കിൽ ബാപ്ദാദ ഈ പുതിയ നൂറ്റാണ്ടിൽ ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത് എന്ത് തന്നെ സംഭവിച്ചാലും അലൗകീകത പോകരുത്. ഇതിന് വേണ്ടി നാല് വാക്ക് മാത്രം ഓർമ്മിക്കണം, ഏതാണ് അത്. അത് പുതിയ ഒരു കാര്യമല്ല, പഴയതാണ്, വീണ്ടും ഒന്ന് ഓർമ്മ പുതുക്കുകയാണ്.

ഒന്നാമത്തേ കാര്യം ശുഭ ചിന്തകൻ. രണ്ടാമത്തേത് ശുഭ ചിന്ത, മൂന്നാമത്തേത് ശുഭ ഭാവന, ഇവർ മാറിയാൽ ഞാൻ മാറും ഈ ഭാവനയല്ല. അവരേ പ്രതിയും ശുഭ ഭാവന, സ്വയത്തെ പ്രതിയും ശുഭ ഭാവന ഇനി നാലാമത്തെ ശുഭ ശ്രേഷ്ഠ സ്മൃതിയും സ്വരൂപവും. ശുഭം എന്ന ഒരു വാക്ക് മാത്രം ഓർമ്മിക്കൂ, ഇതിൽ നാല് കാര്യവും വരും. നമ്മൾ എല്ലാതിലും ശുഭം എന്ന വാക്ക് ഓർമ്മയിൽ വെച്ചാൽ മാത്രം മതി. ഇത് വളരെ കേട്ടതാണ്. വളരെ കേൾപ്പിച്ചതാണ്. ഇപ്പോൾ സ്വരൂപത്തിൽ കൊണ്ട് വരുന്നതിൽ ശ്രദ്ധ വെക്കണം. ഇവർ തന്നേയാണ് ആയി തീരേണ്ടത് എന്ന് ബാപ്ദാദയ്ക്കറിയാം. ഇനി വരാനുള്ളവർ സാകാര രൂപത്തിൽ നിങ്ങളേ തന്നേയാണ് കാണുന്നത്.

ഇന്ന് വർഷത്തിലെ അവസാന ദിവസമല്ലേ! അതിനാൽ ബാപ്ദാദ ഭൂരിഭാഗം കുട്ടികളുടേയും വാർഷിക കണക്ക് നോക്കി. എന്ത് കണ്ടിരിക്കും. മുഖ്യമായ ഒരു കാരണം കണ്ടു. ഇല്ലാതാക്കാനും നേരിടാനുമുള്ള ശക്തി കുറവാണെന്ന് ബാപ്ദാദ കണ്ടു. ഇല്ലാതാക്കുന്നുണ്ട്, തലകീഴായി കാണുന്നത്, കേൾക്കുന്നത്, ചിന്തിക്കുന്നത്, കഴിഞ്ഞു പോയതിനെ എല്ലാം ഇല്ലാതാക്കുന്നുണ്ട് എന്നാൽ നിങ്ങൾ പറയാറില്ലേ ഒന്ന് ബോധമനസ്സ് മറ്റൊന്ന് ഉപബോധമനസ്സ് എന്ന്. ഇല്ലാതാക്കുന്നുണ്ട് എന്നാൽ മനസാകുന്ന പ്ലേറ്റ് എന്ന് പറയാം, സ്ലേറ്റ് എന്ന് പറയാം, കടലാസ് എന്ന് പറയാം, എന്ത് പറഞ്ഞാലും മുഴുവനായും ഇല്ലാതാകുന്നില്ല. എന്ത് കൊണ്ടാണ് ഇല്ലാതാക്കാൻ സാധിക്കാത്തത്. അതിന്റെ കാരണമാണ് – ഉൾക്കൊള്ളാനുള്ള ശക്തി ശക്തിശാലിയല്ല. സമയമനുസരിച്ച് ഉൾക്കൊള്ളുന്നുണ്ട് എന്നാൽ വീണ്ടും സമയം വരുമ്പോൾ പുറത്ത് വരുന്നു, അതിനാൽ ഏതൊരു നാലു കാര്യങ്ങളാണോ ബാപ്ദാദ കേൾപ്പിച്ചത്, അവ സദാ ഉണ്ടാകുന്നില്ല. മനസാകുന്ന പ്ലേറ്റ് അഥവ പേപ്പർ മുഴുവൻ വൃത്തിയാക്കിയില്ല, മുഴുവൻ നശിപ്പിച്ചില്ല എങ്കിൽ അതിൽ പകരമായി നിങ്ങൾ വീണ്ടും നന്നായി എഴുതാൻ ആഗ്രഹിച്ചാലും വ്യക്തമാകുമോ. അതായത് സർവ ഗുണങ്ങളും, സർവ ശക്തികളും ധാരണ ചെയ്യാൻ ആഗ്രഹിച്ചാലും സദാ പൂർണമായും ഉണ്ടാകുമോ. പൂർണമായും വൃത്തിയുള്ളതാണ്, വ്യക്തമാണ് എങ്കിൽ ഈ ശക്തികളെല്ലാം സഹജമായും കാര്യങ്ങളിൽ കൊണ്ട് വരാൻ സാധിക്കും. കാരണമിതാണ്, ഭൂരിഭാഗം പേരുടേയും മനസ്സാകുന്ന സ്ലേറ്റ് ക്ലിയറും ക്ലീനുമല്ല. അൽപാൽപ്പം കഴിഞ്ഞ കാര്യങ്ങൾ അല്ലെങ്കിൽ കഴിഞ്ഞ പെരുമാറ്റങ്ങൾ, വ്യർത്ഥ കാര്യങ്ങൾ അല്ലെങ്കിൽ വ്യർത്ഥ സ്വഭാവ രീതികൾ സൂക്ഷ്മ ഭാവത്തിൽ ഉള്ളിൽ അടങ്ങിയിട്ടുണ്ട് എങ്കിൽ സമയം വരുമ്പോൾ സാകാര രൂപത്തിൽ പുറത്ത് വരുന്നു. അതിനാൽ സമയമനസരിച്ച് ആദ്യം പരിശോധിക്കൂ, സ്വയം പരിശോധിക്കൂ മറ്റുള്ളവരെ പരിശോധിക്കുന്നതിൽ മുഴുകരുത് കാരണം മറ്റുള്ളവരെ പരിശോധിക്കാൻ എളുപ്പമാണ്, സ്വയ

ത്തെ പരിശോധിക്കാൻ പ്രയാസമായി തോന്നുന്നു. അതിനാൽ തന്റെ മനസാകുന്ന പ്ലേറ്റ് പൂർണമായും ക്ലീനും ക്ലിയരുമാണോ എന്ന് പരിശോധിക്കൂ. ഏറ്റവും സൂക്ഷ്മമായ രൂപമാണ് – തരംഗങ്ങൾ(വൈബ്രേഷൻ) നൽകുന്ന രൂപത്തിൽ ഇരിക്കുക. ഫരിസ്ത എന്നാൽ പരിപൂർമണമായും ക്ലീനും ക്ലിയറും. ഉൾക്കൊള്ളാനുള്ള ശക്തിയിലൂടെ നെഗറ്റീവിനേയും പോസിറ്റീവ് രൂപത്തിൽ പരിവർത്തനം ചെയ്ത് ഉൾക്കൊള്ളൂ. നെഗറ്റീവായി തന്നെ ഉൾക്കൊള്ളരുത്, പോസിറ്റീവിലേക്ക് മാറ്റി ഉൾക്കൊള്ളൂ അപ്പോൾ പുതിയ നൂറ്റാണ്ടിൽ പുതുമ കൊണ്ടു വരാൻ സാധിക്കും.

രണ്ടാമത്തെ കാര്യം പറയട്ടെ എന്താണ് കണ്ടതെന്ന്. പറയട്ടേ അതോ ഡോസ് കൂടുതലായോ. ബാപ്ദാദ ആദ്യമേ പറഞ്ഞ പോലെ എന്ത് ചെയ്തും എനിക്ക് എന്റെ കൂടെ പരംധാമിൽ കൊണ്ട് പോവുക തന്നെ വേണം, തല്ലിയിട്ടായാലും സ്നേഹിച്ചായാലും കൊണ്ട് പോവുക തന്നെ വേണം. അജ്ഞാനികളെ തല്ലിയും നിങ്ങളെ സ്നേഹിച്ചും. ഇതേ പോലെ ബാപ്ദാദ ഇപ്പോഴും പറയുന്നു എന്ത് ചെയ്തായാലും ലോകത്തിന് മുന്നിൽ മഹാൻ ആത്മാക്കൾക്ക് ഫരിസ്താ രൂപത്തിൽ പ്രത്യക്ഷമാകുക തന്നെ വേണം. എങ്കിൽ തയ്യാറല്ലേ. ബാപ്ദാദ കേൾപ്പിച്ചില്ലേ – എന്ത് ചെയ്യ്തായാലും ആക്കുക തന്നെ വേണം. ഇല്ലെങ്കിൽ പുതിയ ലോകം എങ്ങിനെ വരും. ശരി രണ്ടാമത്തെ കാര്യം എന്താണ് കണ്ടത്.

വർഷത്തിന്റെ അവസാനമല്ലേ! നോക്കൂ, ബാപ്ദാദ ഭൂരിഭാഗം എന്ന വാക്കാണ് പറഞ്ഞ് കൊണ്ടിരിക്കുന്നത്, മുഴുവൻ എന്നല്ല പറയുന്നത് , ഭൂരിഭാഗം എന്നാണ് പറഞ്ഞ് കൊണ്ടിരിക്കുന്നത്. രണ്ടാമത്തെ കാര്യം എന്താണ് കണ്ടത് . എന്ത് കൊണ്ടെന്നാൽ കാരണത്തെ നിവാരണം ചെയ്യുകയാണെങ്കിൽ അപ്പോൾ നവ–നിർമാണം ഉണ്ടാകും. രണ്ടാമത്തെ കാരണമാണ് – അലസത ഭിന്ന ഭിന്ന രൂപത്തിൽ കണ്ടു. ചിലരിലെല്ലാം വളരെ റോയലായ രൂപത്തിലും അലസത കണ്ടു. അസലതയ്ക്ക് കാരണം ഒരു വാക്കാണ്– എല്ലാം സ്വതവേ നടന്നോളും എന്ന ചിന്ത. കാരണം സാകാര രൂപത്തിൽ ഓരോരുത്തരുടേയും ഓരോ കർമ്മത്തെ കാണാൻ സാധിക്കില്ല, സാകാര ബ്രഹ്മാവിനും സാകാരത്തിൽ കാണാൻ സാധിച്ചിട്ടില്ല, എന്നാൽ അവ്യക്ത രൂപത്തിൽ ആരുടെ ഏതേ കർമ്മത്തെയും കാണാൻ സാധിക്കും. പരമാത്മാവിന് ആയിരം കണ്ണുകളുണ്ടെന്ന് പാടാറുണ്ട്, ലക്ഷം കണ്ണുകളുണ്ട്, ലക്ഷം കാതുകളുണ്ട്. അതിപ്പോൾ നിരാകാരനും അവ്യക്ത ബ്രഹ്മാവും രണ്ട് പേരും ഒരുമിച്ച് കാണുന്നു. എത്രയെല്ലാം ആരെല്ലാം മറച്ചു വെച്ചാലും, മറച്ച് വെക്കുന്നതും റോയലായാണ്, സാധരണമായല്ല. അതിനാൽ അലസതയുടെ ഒന്ന് ഭാരിച്ച രൂപമുണ്ട്, ഒരു സൂക്ഷ്മ രൂപമുണ്ട്, വാക്ക് രണ്ടിലും ഒന്ന് തന്നെയാണ് എല്ലാം നടക്കുന്നുണ്ട്, എല്ലാം സംഭവിച്ചോളും കണ്ടു എങ്കിൽ എന്താണ്... ഒന്നും സംഭവിക്കില്ല. ഇപ്പോ ഇങ്ങനെ പോകാം, പിന്നീട് നോക്കാം. ഇവ അലസതയുടെ സങ്കൽപ്പമാണ്. ബാപ്ദാദ വിചാരിച്ചാൽ എല്ലാവരേയും കേൾപ്പിക്കാൻ സാധിക്കും എന്നാൽ കുറച്ച് മാനം കാക്കണമല്ലോ. അതിനാൽ ബാപ്ദാദയും നാണം കാക്കുന്നുണ്ട്, എന്നാൽ ഈ അലസത പുരുഷാർത്ഥത്തെ തീവ്രമാക്കുന്നില്ല. ബഹുമതിയോടെ പാസാകാൻ അനുവദുക്കുന്നില്ല. എല്ലാം നടക്കും എന്ന് സ്വയം വിചാരിക്കുന്നത് പോലെ. റിസൾട്ടിലും അത് തന്നെ നടക്കും എന്നാൽ പറക്കില്ല. ഏത് രണ്ട് കാര്യങ്ങളാണ് കണ്ടത് എന്ന് കേട്ടില്ലേ! പരിവർത്തനത്തിൽ ഏതെങ്കിലും ഏതെങ്കിലും രൂപത്തിൽ, ഓരോരുത്തരിലും വേറെ വേറെ രൂപത്തിൽ അലസതയുണ്ട്. ബാപ്ദാദ ആ സമയം ചിരിക്കുകയാണ്, കുട്ടികൾ പറയുന്നു നോക്കാം എന്ത് സംഭവിക്കുമെന്ന്! ബാപ്ദാദയും പറയുന്നു എന്ത് സംഭവിക്കും എന്ന് കാണൂ. ഇന്ന് എന്തിനാണ് ഇതെല്ലാം കേൾപ്പിക്കുന്നത്. കാരണം ആഗ്രഹിച്ചാലും ഇല്ലെങ്കിലും, നിർബന്ധമായും നിങ്ങൾക്ക് ആയി തീരുക തന്നെ വേണം, ആയി തീരുക തന്നെ ചെയ്യും. ഇന്ന് കുറച്ച് കഠിനമായി കേൾപ്പിച്ചു കാരണം നിങ്ങൾ പ്ലാനുകൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു, ഇത് ചെയ്യും, ഇത് ചെയ്യും.... എന്നാൽ കാരണത്തെ നിവാരണം ചെയ്തില്ലെങ്കിൽ താൽക്കാലികമായി മാറും, പിന്നീട് എന്തെങ്കിലും കാര്യം വരികയാണെങ്കിൽ പറയും അങ്ങിനെയുള്ള കാര്യമായിരുന്നില്ലേ! കാരണവും അങ്ങിനെയായിരുന്നു! എന്റെ കണക്ക് അങ്ങിനെയാണ്, അതിനാൽ ആയി തീരുക തന്നെ വേണം. സ്വീകാര്യമാണോ! ടീച്ചർമാർക്ക് സ്വീകാര്യമാണോ. വിദേശികൾക്ക് സ്വീകാര്യമാണോ. ബാപ്ദാദ പറയുന്നു ആയി തീരേണ്ടി വരും. പിന്നീട് പുതിയ നൂറ്റാണ്ടിൽ പറയും ആയി തീർന്നു. ഇങ്ങനെയല്ലേ – ഇതിന് സമയം വേണം. എന്നാൽ ബാപ്ദാദ ഒരു വർഷം തരുന്നു അപ്പോൾ സഹജമല്ലേ. വിശ്രമത്തോടെ ചെയ്യൂ. ആരാമം അഥവാ വിശ്രമം എന്നാൽ  ആ രാമ അർത്ഥം ബാബയേ ഓർമ്മിച്ച് പിന്നീട് ചെയ്യുക. ആ ഡൺലപ്പ് ആരാമം(വിശ്രമം) ചെയ്യരുത്. ബാപ്ദാദയ്ക്ക് നിങ്ങളോടാണോ കൂടുതൽ സ്നേഹം, അതോ നിങ്ങൾക്ക് ബാബയോടാണോ കൂടുതൽ സ്നേഹം. ആർക്കാണ്. ബാബയ്ക്കോ അതോ നിങ്ങൾക്കോ.

ബാപ്ദാദയ്ക്ക് നിങ്ങളിലെല്ലാം നിശ്ചയമുണ്ട് അതായത് നിങ്ങൾ കുട്ടികളെല്ലാം സ്നേഹത്തിന് പകരമായി അവ്യക്ത ബ്രഹ്മാബാബയ്ക്ക് സമാനം തീർച്ചയായും മാറും എന്ന്. മാറില്ലേ! ബാപ്ദാദ കുട്ടികളെ ഉ

പേക്ഷിക്കില്ല! സ്നേഹമുണ്ടല്ലോ! ആരോടാണോ സ്നേഹമുള്ളത് അവരുടെ കൂട്ട് ഉപേക്ഷിക്കുകയില്ല. ബ്രഹ്മാബാബയ്ക്ക് നിങ്ങളോട് സ്നേഹമുണ്ട്. പ്രതീക്ഷിച്ച് കൊണ്ടിരിക്കുന്നു, എന്റെ കുട്ടികൾ എപ്പോൾ വരും എന്ന്! എങ്കിൽ സമാനമാകില്ലേ!
ബ്രഹ്മാബാബയുടെ ഒരു ആത്മീയ സംഭാഷണം കേൾപ്പിക്കുന്നു. ബ്രഹ്മാബാബ ശിവ ബാബയോട് പറയുന്നു കുട്ടികളേ കൊണ്ട് തീയ്യതി നിശ്ചയിപ്പിക്കൂ, ഞാൻ ഏത് വരെ പ്രതീക്ഷിക്കും. ഈ തിയ്യതി ഉറപ്പിക്കൂ. അപ്പോൾ ശിവബാബ എന്ത് പറയും. പുഞ്ചിരിക്കുന്നു. ബാബ് ദാദ വീണ്ടും പറയുന്നു കുട്ടികൾ തന്നെ തിയതി തീരുമാനിക്കണം, ബാപ്ദാദ ചെയ്യില്ല. ബ്രഹ്മാബാബ വളരെയധികം ഓർമ്മിക്കുന്നുണ്ട്. എങ്കിൽ തിയതി തീരുമാനിക്കില്ലേ.

പുതിയ വർഷത്തിൽ സമാനമാകുന്നതിനുള്ള ദൃഢ സങ്കൽപ്പം ചെയ്യൂ. ഞങ്ങൾക്ക് ഫരിസ്തയാകുക തന്നെ വേണം എന്ന് ലക്ഷ്യം വെയ്ക്കൂ. ഇപ്പോൾ പഴയ കാര്യങ്ങളെല്ലാം സമാപ്തമാക്കൂ. തന്റെ അനാദി ആദി സംസ്ക്കാരങ്ങളെ പ്രത്യക്ഷമാക്കൂ. ഓർമ്മയിൽ വെയ്ക്കൂ– ചുറ്റിക്കറങ്ങുമ്പോൾ ഞാൻ ബാപ് സമാൻ ഫരിസ്തയാണ്, എനിക്ക് പഴയ സംസ്കാരങ്ങളോട്, പഴയ കാര്യങ്ങളോട് യാതൊരു ബന്ധവുമില്ല. മനസിലായോ. ഈ പരിവർത്തനത്തന്റെ സ്സംസ്ക്കാരങ്ങൾക്ക് വെള്ളം നൽകി കൊണ്ടിരിക്കൂ. ബീജത്തിന് വെള്ളവും വെളിച്ചവും ആവശ്യമുണ്ട് അപ്പോൾ ഫലം പുറത്ത് വരുന്നു. അതിനാൽ ഈ സങ്കൽപ്പത്തിന് ബീജത്തിന് ഓർമ്മയാകുന്ന് വെള്ളവും വെളിച്ചവും നൽകി കൊണ്ടിരിക്കൂ. വിണ്ടും വിണ്ടും ഓർമ്മ പുതുക്കൂ – ബാപ്ദാദയോടുള്ള എന്റെ പ്രതിജ്ഞ എന്താണ്! ശരി.

നാലു ഭാഗത്തുമുള്ള മഹാൻ ആത്മാക്കൾക്ക് സദാ പരിവർത്തനശക്തിയെ ഓരോ സമയവും കാര്യത്തിൽ കൊണ്ട് വരുന്ന, വിശ്വ പരിവർത്തക ആത്മാക്കൾക്ക്, സദാ ദൃഢ നിശ്ചയത്തിന്റെ പ്രത്യക്ഷ സ്വരൂപം കാണിക്കുന്ന ബ്രാഹ്മണനിൽ നിന്ന് ഫരിസ്തയാകുന്ന ആത്മാക്കൾക്ക് സദാ ഒരേയൊരു ബാബ രണ്ടാമതൊരാളില്ല, ബാപ്സമാൻ ആകുന്നവർക്ക് ബാപ്ദാദയുടെ സ്നേഹത്തിന് പകരം നൽകുന്ന മഹാവീര ആത്മാക്കൾക്ക്, ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേയും.

നാലു ഭാഗത്തുമുള്ള കുട്ടികൾക്ക് പുതിയ വർഷത്തിന്റെ, പുതിയ യുഗത്തിന്റെ, പുതിയ ജീവിതത്തിന്റെ ആശംസകൾ, ആശംസകൾ. ആശംസകൾ. ഈ പുതിയ വർഷത്തിൽ ബ്രഹ്മാബാബയിലൂടെ ഉച്ചരിച്ച മഹാവാക്യം സദാ ഓർമ്മിക്കണം – നിരാകാരി, നിരഹങ്കാരി കൂടെ നിർമ്മാണധാരി. സദാ വിനയത്തിന്റേയും. നിർമ്മാണത്തിന്റെയും കർത്തവ്യം ബാലൻസ് ചെയ്ത് പറന്ന് കൊണ്ടിരിക്കണം. ഈ വർഷം വിശേഷിച്ചും സ്വ പരിവർത്തനത്തിന്റെ വിശേഷത കൂടെ വെച്ച് പറന്നു കൊണ്ടും പറത്തി കൊണ്ടും ഇരിക്കൂ. സദാ ബ്രഹ്മാബാബയെ ഓരോ ചുവടിലും ഫോളോ ഫാദർ ചെയ്ത് കൊണ്ടിരിക്കൂ. ആശംസകൾ, ആശംസകൾ. കോടി കോടി ആശംസകൾ. ശരി.

## വരദാനം – സ്വയത്തിന്റെ ചക്രത്തെ മനസിലാക്കി ജ്ഞാനീതൂ ആത്മാവായി മാറുന്ന പ്രഭു പ്രിയരായി ഭവിക്കൂ.

ആത്മാവിന് ഈ സൃഷ്ടി ചക്രത്തിൽ ഏതേതെല്ലാം പാർട്ടുണ്ട്, അവയെ അറിയുക അർത്ഥം സ്വദർശന ചക്രധാരിയാകുക. മുഴുവൻ ചക്രത്തിന്റെയും ജ്ഞാനത്തെ ബുദ്ധിയിൽ യഥാർത്ഥ രീതിയിൽ ധാരണ ചെയ്യുന്നത് തന്നെയാണ് സ്വദർശന ചക്രം കറക്കൽ, സ്വയത്തിന്റെ ചക്രത്തെ അറിയുക എന്നാൽ ജ്ഞാനീതൂ ആത്മാവാകുക. ഇത് പോലെയുള്ള ജ്ഞാനീ ആത്മാക്കൾ തന്നെയാണ് പ്രഭു പ്രിയർ, അവർക്ക് മുന്നിൽ മായയ്ക്ക് നിൽക്കാൻ സാധിക്കില്ല. ഈ സ്വദർശന ചക്രം തന്നേയാണ് ഭാവിയിൽ ചക്രവർത്തീ രാജാവാക്കുന്നത്.

## സ്ലോഗൻ – ഓരോരോ കുട്ടിയും ബാപ്സമാൻ ആകുകയാണെങ്കിൽ പെട്ടെന്ന് തന്നെ പ്രജകൾ തയ്യാറാകും.